LIBRARY ARCHIVES Kerala Legislative Assembly

ഒരുമനയൂരിൽ ഹോമിയോ ഡിസ്പെൻസറി

105 (4908) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി പ്രസ്തുത പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി, പഞ്ചായത്ത് ഭരണ സമിതി തീരുമാനം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഹർജി പരിഗണിച്ച് സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ;

(സി) പിന്നോക്ക തീരദേശ മേഖലയായ ഒരുമനയൂരിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2014-15 വാർഷിക പദ്ധതി പ്രകാരം 50 പുതിയ ഹോമിയോ ഡിസ്പെൻസറികൾക്കായുള്ള ശിപാർശയിൽ ഒരുമനയൂർ പഞ്ചായത്തും ഉൾപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത വാർഷിക പദ്ധതിയിൽ പുതിയ ഹോമിയോ ഡിസ്പെൻസറി അനുവദിച്ചിട്ടില്ല.

ദേവസ്വം ബോർഡ് നിയമനങ്ങൾക്കുള്ള സ്പെഷ്യൽ റൂൾസ്

106 (4909) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടത്തുന്നത് അനൗചിത്യമാണെന്ന സർക്കാരിന്റെ വാദം ദേവസ്വം നിയമനങ്ങൾ പി.എസ്.സി.-ക്കുവിട്ട മുൻ സർക്കാരിന്റെ തീരുമാനം അട്ടിമറിച്ച് പിൻവാതിൽ നിയമനത്തിനായിരുന്നെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ സർക്കാർ ദേവസ്വം നിയമനങ്ങൾ പി.എസ്.സി.യ്ക്കു വിട്ട് നിയമനത്തിനായി സ്പെഷ്യൽ റൂൾസ് തയ്യാറാക്കി പി.എസ്.സി.-യുടെ അംഗീകാരത്തിനായി അയച്ചിരുന്നുവോ ; എന്നാണ് സ്പെഷ്യൽ റൂൾസ് പി.എസ്.സി.-യുടെ അംഗീകാരത്തിനായി സമർപ്പിച്ചത്; പ്രസ്തുത കരട് സ്പെഷ്യൽ റൂൾസിന്റെ പകർപ്പ് ലഭ്യമാക്കുമോ ;